# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ -അനുപമ റ്റി വി , ഐ എ എസ്)

വിഷയം : വനിതാ ശിശുവികസന വകുപ്പ് -ജീവനക്കാര്യം- ടൈപ്പിസ്റ്റ് തസ്തിക - യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതശിശുവികസനഡയറക്ടറുടെ 02/08/2021ലെ WCD/E4/7647/21 നമ്പർ ഉത്തരവ്
2) വനിത ശിശു വികസന ഡയറക്ടറുടെ 16.07.2021 ലെ WCD/E8/12535/20 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ WCD-E4/4582/21 തീയതി 08/11/2021**

വനിതശിശുവികസന വകുപ്പിൽ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ രതീഷ്.പി.എൻ-ന് , യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പരാമർശം(1)പ്രകാരം തസ്തിക മാറ്റം അനുവദിച്ചത് മുഖേന യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു ജീവനക്കാരന് യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരിക്ക് കെ.എസ്&എസ്.എസ്.ആർ ചട്ടം28 എ(1) പ്രകാരം 35600-75400 രൂപ ശമ്പള സ്കെയിലിൽ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് റേഷ്യോ ഉദ്യോഗ കയറ്റം അനുവദിച്ചും ടിയാളുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന കാര്യാലയവും തസ്തികയും | സീനിയോറിറ്റി നമ്പർ | സീനിയോറിറ്റി ഉത്തരവും നമ്പരും തീയതിയും | സ്ഥാനക്കയറ്റം അനുവദിക്കുന്ന തസ്തിക കാര്യാലയം , പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി. സുഭിക്ഷ.ഇ.എസ് എൽ.ഡി ടൈപ്പിസ്റ്റ്, ഐ.സി.ഡി.എസ് പട്ടാമ്പി അഡീഷണൽ | 22 | E8-12535/20 dt. 16/07/2021 | യു. ഡി ടൈപ്പിസ്റ്റ് പ്രോഗ്രാം ഓഫീസ് , പാലക്കാട് 02/08/2021 |

റേഷ്യോ പ്രൊമോഷൻ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരിക്ക് അർഹത വിധേയമായി മാത്രം KSR ഭാഗം 1 ചട്ടം 28A പ്രകാരം ശമ്പളം നിർണ്ണയിച്ച ശമ്പള കുടിശ്ശിക മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. റേഷ്യോ പ്രൊമോഷനിലൂടെ സ്ഥാന കയറ്റം ലഭിച്ചതും ശമ്പള നിർണ്ണയം സംബന്ധിച്ചുള്ളതുമായ രേഖപ്പെടുത്തലുകൾ ജീവനക്കാരിയുടെ സേവന പുസ്തകത്തിൽ ബന്ധപ്പെട്ട കാര്യാലയ മേധാവി വരുത്തേണ്ടതാണ് .

ഉദ്യോഗ കയറ്റം/ സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരിയെ യഥാ സമയം വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരിയുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരിക്ക്

<u>പകർപ്പ്</u>

ജില്ലാ വനിതാ ശിശു വികസന ഓഫീസർ,പാലക്കാട്
പ്രോഗ്രാം ഓഫീസർ,പാലക്കാട്
ശിശു വികസന പദ്ധതി ഓഫീസർ,പട്ടാമ്പി അഡീഷണൽ
വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
E1 മുതൽ E9 വരെ
സ്റ്റോക്ക്ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം
Suriak
സൂപ്രണ്ട്